**<u>15 -ാം കേരള നിയമസഭ</u>**

**<u>13 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2768</u>** **<u>10-03-2025 - ൽ മറുപടിയ്ക്ക്</u>**

**<u>ഇ ഗ്രാന്റ് പദ്ധതി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | നിലവിൽ എസ്.സി., എസ്.ടി. വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ് നൽകുന്നതിനുള്ള സംവിധാനം വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് എസ്.എസ്.എൽ.സി വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന പട്ടികവിഭാഗ വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷം ആരംഭിക്കുമ്പോൾ ഉണ്ടാകുന്ന ചെലവുകൾക്കായുള്ള ലംപ്സംഗ്രാന്റ്, സ്റ്റൈപന്റും എന്നിവ ലഭിക്കുന്നതിനായി വിദ്യാർത്ഥികൾ ഇ -ഗ്രാൻഡ്സ് പോർട്ടൽ 3.0 മുഖേന അപേക്ഷകൾ സമർപ്പിക്കുകയും, തുടർന്ന് സ്കോളർഷിപ്പ് തുക ഇ -ഗ്രാൻഡ്സ് പോർട്ടൽ മുഖേന വിദ്യാർത്ഥികളുടെ അക്കൗണ്ടിലേക്ക് നൽകുകയുമാണ് ചെയ്യുന്നത്.<br><br>പട്ടികജാതി വിദ്യാർത്ഥികളുടെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഇ -ഗ്രാൻഡ്സ് പോർട്ടൽ 3.0 മുഖേന അപേക്ഷകൾ സമർപ്പിക്കുകയും, സ്കോളർഷിപ്പ് തുക ഇ -ഗ്രാൻഡ്സ് പോർട്ടൽ മുഖേന വിദ്യാർത്ഥികളുടെ അക്കൗണ്ടിലേക്ക് നൽകി വരുന്നതുമാണ്. വരുമാന പരിധി 2.50 ലക്ഷം രൂപയിൽ താഴെയുള്ള പട്ടികവർഗ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് ഇ - ഗ്രാൻഡ്സ് പോർട്ടൽ 3.0 മുഖേനയും ,വരുമാന പരിധി 2.50 ലക്ഷം രൂപയിൽ കൂടതലുള്ള വിദ്യാർത്ഥികൾക്ക് സംസ്ഥാന വിഹിതമടങ്ങിയ സ്കോളർഷിപ്പ് ട്രഷറി (BIMS) മുഖേനയും അനുവദിച്ചു വരുന്നു. ആധാർ അധിഷ്ഠിത പണമിടപാടായതുകാരണം ആധാറുമായി സീഡ് ചെയ്ത അക്കൗണ്ടിലേക്ക് മാത്രമായിരിക്കും അനുവദിക്കുന്ന തുക ലഭ്യമാക്കുന്നത് . |
| (ബി) | മെറിറ്റ് സീറ്റിൽ പ്രവേശനം നേടിയിട്ടുള്ളതും ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലാത്തതിനാൽ അമിത ഫീസ് നൽകി സ്വകാര്യ ഹോസ്റ്റലിൽ താമസിച്ച് പഠനം തുടരുന്ന വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ ഫീസ് നൽകുന്ന കാര്യം പരിശോധിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | സ്ഥാപനത്തിന് ഹോസ്റ്റൽ സൗകര്യം ഇല്ലാത്ത സാഹചര്യത്തിൽ സ്വകാര്യ ഹോസ്റ്റലിൽ താമസിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പേയിംഗ് ഗസ്റ്റ് അലവൻസായി പ്രതിമാസം 15,00/- രൂപ നിരക്കിൽ ഒരു വർഷത്തേക്ക് 15,000 രൂപയും അനുവദിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | സ്വകാര്യ ഹോസ്റ്റലിൽ താമസിച്ച് പഠനം നടത്തുകയും വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ കുറവുമുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനം നടത്തുന്ന കോഴ്സിന് അനുസരിച്ച് കേന്ദ്ര - സംസ്ഥാന വിഹിതമുള്ള അക്കാഡമിക് അലവൻസും അഡീഷണൽ അലവൻസായി പ്രതിമാസം 3000 രൂപ നിരക്കിൽ ഒരു വർഷത്തേക്ക് 30,000 രൂപയും, സ്വകാര്യ ഹോസ്റ്റലിൽ താമസിച്ച് പഠനം നടത്തുകയും വാർഷിക് വരുമാനം 2.50 ലക്ഷം രൂപയിൽ കൂടുതലുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രതിമാസം 3000 രൂപ നിരക്കിൽ ഒരു വർഷത്തേക്ക് 30,000 രൂപയും അനുവദിച്ചു വരുന്നു . |

സെക്ഷൻ ഓഫീസർ